CHRISTIAN MUSICOLOGICAL SOCIETY OF INDIA

# കൂനൻകുരിശ്ശ് ആവർത്തിക്കരുത്!

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

മാനന്തവാടി റീജിയണിലെ വൈദികർക്കുവേണ്ടി

ഫാ. അഗസ്റ്റിൻ കണ്ണാടിക്കര,
സെൻറ് ജോസഫ്സ് കത്തീഡ്രൽ,
മാനന്തവാടി - 670 645

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# കൂനൻകുരിശ്ശ് ആവർത്തിക്കരുത്!

## ആമുഖം

മലബാർ സഭയുടെ ആരാധനക്രമപുനരുദ്ധാരണശ്രമങ്ങളാരംഭിച്ചിട്ട് കാൽനൂററാണ്ടിലേറെയായെങ്കിലും സഭാംഗങ്ങൾക്കാകമാനം സ്വീകാര്യമായ ഒരു 'കുർബ്ബാനക്രമം' തയ്യാറാക്കാൻപോലും സാധിച്ചിട്ടില്ലെന്നതു് അത്യന്തം ഖേദകരമായ ഒരു വസ്തുതയാണ്. ആരാധനക്രമനവീകരണത്തിനു് ആഹ്വാനം ചെയ്യുകയും അതിനുതകുന്ന ഒട്ടേറെ പ്രായോഗിക നിർദ്ദേശങ്ങൾ നല്കുകയുംചെയ്ത രണ്ടാം വത്തിക്കാൻ സൂനഹദോസ് സമാപിച്ചശേഷം രണ്ടു പതിററാണ്ടു കഴിഞ്ഞിട്ടും ഈ സ്ഥിതിവിശേഷം നിലനില്ക്കുന്നതു് മലബാർ സഭയ്ക്കു് ഒട്ടും ഭൂഷണമല്ലതന്നെ. ഇത്തരമൊരു ദുരവസ്ഥയ്ക്കു് നിരവധി കാരണങ്ങൾ ചൂണ്ടിക്കാണിയ്ക്കാനുണ്ടെങ്കിലും ഏററവും പ്രധാനം ഒരു പക്ഷേ ഇക്കാര്യത്തിനു് നേതൃത്വം വഹിയ്ക്കാൻ കച്ചകെട്ടിയിറങ്ങിയവരുടെ സങ്കുചിത ചിന്താഗതിയും, നമ്മുടെ സഭാചരിത്രം, റീത്ത്, പൈതൃകം എന്നിവയെപ്പററിയുള്ള ഭാഗികവും വികലവുമായ കാഴ്ചപ്പാടും മുൻവിധികളും ദുർവാശിയും സർവ്വോപരി, യഥാർത്ഥ ക്രൈസ്തവാരൂപിയുടെ അഭാവവും ആണെന്നു് പറയാതെ വയ്യ. അതുകൊണ്ടുതന്നെ ഈ രംഗത്തു് നമുക്കു വന്നുഭവിച്ച പാളിച്ചകളെപ്പററി, പ്രത്യേകിച്ചും, ഈ അടുത്ത കാലത്തു് പ്രസിദ്ധീകരിച്ച ''ആഘോഷപൂർവ്വമായ റാസക്രമ''ത്തിന്റെ കാര്യത്തിലുണ്ടായ അടിസ്ഥാനപരമായ പാകപ്പിഴകളെപ്പററി, ഉറക്കെ ചിന്തിക്കേണ്ടതു് സഭാസ്നേഹികളായ ഏവരുടേയും കടമയാണെന്ന ബോധ്യത്തോടെ ചില തുറന്ന വിചിന്തനങ്ങൾ നടത്തിക്കൊള്ളട്ടെ.

## 1 പുനരുദ്ധാരണമെന്നാലെന്ത്?

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 'ആരാധനക്രമം', 'പൗരസ്ത്യസഭകൾ' എന്നീ പ്രമാണരേഖകളുടെ ഉള്ളടക്കത്തെപ്പററി ചി

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



ന്തില്ലാതെയും അർഹമായ പ്രാധാന്യവും പരിഗണനയും അവസ്ക്കു് നല്ലാതെയും നടത്തുന്ന ആരാധനക്രമ പുനരുദ്ധാരണത്തിനായുള്ള ഏ തു പരിശ്രമവും പരാജയത്തിലേയ്ക്കേ നീങ്ങൂ എന്നാദ്യം തന്നെ പറഞ്ഞുവയ്ക്കട്ടെ. ആരാധനക്രമപുനരുദ്ധാരണത്തെ റീത്തുപുനരുദ്ധാ രണത്തിന്റെ വെളിച്ചത്തിലും അതിന്റെ ഭാഗമായും മാത്രമേ കാണനൊക്കൂ. ''ആഘോഷപൂർവ്വമായ റാസ്ക്രമ''ത്തിന്റെ പി ന്നിൽ പ്രവത്തിച്ചവക്കു് റീത്തും ആരാധനക്രമവും തമ്മിലുള്ള വ്യ ത്യാസം അജ്ഞാതമായിരുന്നെന്നു തോന്നുന്നു. അഥവാ റീത്തും ആ രാധനക്രമവും ഒന്നാണെന്നു് അവർ ധരിച്ചുവശായി. അതുകൊ ണ്ടുതന്നെ റീത്തു് എന്നാലെന്തു് എന്നു് ആദ്യം ചിന്തിയ്ക്കേണ്ടിയി രിയ്ക്കുന്നു.

''ഒരു വ്യക്തി സഭയുടെ ക്രിസ്തീയ ജീവിതത്തെ മുഴുവനും സംബന്ധിയ്ക്കുന്നതാണു് റീത്തു്. (എക്യുമെനിസം No. 15,16,17) കൗൺസിൽ ഇക്കാര്യം ഒന്നുകൂടി വിശദമാക്കുന്നു. ''ആരാധനക്രമ ത്തിലെ പ്രത്യേകതകൾ, ആദ്ധ്യാത്മികത, സന്യാസജീവിതമുറ, ദൈവശാസ്ത്രം, സഭാഭരണരീതികൾ, വേഷഭൂഷാദികൾ തുടങ്ങിയ വയെല്ലാം ഉൾക്കൊള്ളുന്നതാണു് റീത്തു്'''. (പൗരസ്ത്യ സഭകൾ No. 3, foot note) അപ്പോൾ ആരാധന ക്രമത്തേക്കാൾ വിശാലവും സമ്പന്നവുമായ ആശയമാണു് റീത്തു് എന്നതുകൊണ്ടു് ഇവിടെ വിവക്ഷിയ്ക്കുന്നതെന്നു് വ്യക്തം. അതായതു്, ഇവിടെ പുനരുദ്ധരി യ്ക്കപ്പെടേണ്ടതു് 'മലബാർ റീത്താ'ണു്. അതിന്റെ കൽദായീകരി യ്ക്കപ്പെട്ട ആരാധനക്രമമല്ല. മററു വാക്കുകളിൽ മലബാർസഭയുടെ തനിമയും വ്യക്തിത്വവും വ്യക്തമാക്കുന്ന അതിന്റെ ചരിത്ര-പാര മ്പര്യ പഠനത്തിന്റെ വെളിച്ചത്തിൽ നടത്തപ്പെടുന്ന പുനരുദ്ധാര ണമാണു് യഥാത്ഥമായതു്. അതുമാത്രമാണു് നമുക്കിന്നാവശ്യം. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ ലക്ഷ്യം വയ്ക്കു ന്നതും ഊന്നിപ്പറയുന്നതുമായ പുനരുദ്ധാരണം വിരൽ ചൂണ്ടുന്നതു് ഈ വഴിക്കാണു്. ''ആവശ്യമെങ്കിൽ ശരിയായ പാരമ്പര്യത്തി ന്റെ വെളിച്ചത്തിൽ സസൂക്ഷ്മവും സമ്പൂർണ്ണവുമായ വിധത്തിൽ റീത്തുകളെ പുനഃപരിശോധിക്കുകയും ആധുനിക കാലത്തിന്റെ ആ വശ്യങ്ങളെയും സാഹചര്യങ്ങളെയും നേരിടാൻ പോന്ന പുത്തൻ കരുത്തു് അവയ്ക്കു് നല്കുകയും ചെയ്യണമെന്നു് കൗൺസിൽ ആഗ്രഹി ക്കുന്നു.'' (ലിററർജി No. 4) ''വൈവിദ്ധ്യമാർന്ന സ്ഥലകാല ങ്ങൾക്കിണങ്ങുംവിധം ജീവിതശൈലി ക്രമപ്പെടുത്തിക്കൊണ്ടു് ഓ രോ വ്യക്തിസഭയും അതിന്റെ പാരമ്പര്യം അഭംഗമായും പൂർണ്ണ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

മായും പരിരക്ഷിക്കണം.'' (പൗരസ്ത്യസഭകൾ No. 2) മേലുദ്ധരിച്ച സഭാപ്രബോധനത്തിന്റെ ചൈതന്യമാണോ 'ആഘോഷപൂർവ്വമായ റാസക്രമം' ഉൾക്കൊള്ളുന്നതും പ്രതിഫലിപ്പിക്കുന്നതുമെന്ന് സവിനയം ചോദിച്ചുകൊള്ളട്ടെ.

## II എന്താണ് പുനരുദ്ധരിക്കപ്പെടേണ്ടത്?

പുനരുദ്ധരിക്കപ്പെടേണ്ടത് മലബാർ റീത്തും അതിന്റെ ഭാഗമായ ആരാധനക്രമവുമാണെന്ന് നമ്മൾ കണ്ടുകഴിഞ്ഞു. അതിന്റെ അടിസ്ഥാനം എവിടെയാണെന്ന് കണ്ടെത്തണമെങ്കിൽ നമ്മുടെ സഭയുടെ പ്രാരംഭകാല ചരിത്രത്തിലേയ്ക്ക് കടന്നുചെല്ലുക തന്നെ വേണം. തികച്ചും അനിഷേധ്യവും സുനിശ്ചിതവുമായ ചരിത്രരേഖകൾ ഹാജരാക്കാനില്ലെങ്കിലും യേശുവിന്റെ അപ്പസ്തോലന്മാരിലൊരുവനായ തോമാശ്ലീഹായാൽ സ്ഥാപിതമാണ് നമ്മുടെ സഭയെന്ന കാര്യം അധികമാരും ചോദ്യം ചെയ്യുമെന്ന് തോന്നുന്നില്ല. നടപടിപ്പുസ്തകത്തിലും വി. പത്രോസ്–പൗലോസ് ശ്ലീഹന്മാരുടെ ലേഖനങ്ങളിലും കാണുന്ന രീതിയിൽത്തന്നെയാവണം വി. തോമാശ്ലീഹായും സഭാസ്ഥാപനം നടത്തിയതെന്ന് വേണം കരുതാൻ. അതായത്, തന്റെ വചനപ്രഘോഷണത്തിന്റെ ഫലമായി ക്രിസ്തുമതം സ്വീകരിച്ച നമ്മുടെ പൂർവ്വികരിൽ ചിലരെത്തന്നെ സഭാ ശുശ്രൂഷികളുടെ ചുമതലയും ഏല്പിച്ചു എന്നു സാരം. പാലസ്തീനായിൽ നിന്നോ പേർഷ്യയിൽനിന്നോ വൈദികരേയും മെത്രാന്മാരേയും അദ്ദേഹം കൊണ്ടുവന്നു എന്നു കരുതുവാൻ വഴി കാണുന്നില്ല. കൂടാതെ കേരളത്തിലെ പാരമ്പര്യങ്ങളെയും ഇവിടെ നാം കണക്കിലെടുക്കണം. ഇതേപ്പററി നമ്മുടെ സഭാചരിത്രകാരന്മാരും ആരാധനക്രമപണ്ഡിതന്മാരും എന്തു പറയുന്നെന്ന് നോക്കുക. ''വി. തോമാശ്ലീഹായാൽ വൈദികസ്ഥാനത്തേയ്ക്കുയർത്തപ്പെട്ടിട്ടുള്ള പകലോമററം, ശങ്കരപുരി തുടങ്ങിയ അതിപ്രാചീന കുടുംബങ്ങൾ ഇന്നും നിലനില്ക്കുന്നുണ്ട്.'' (ഫാ. കൂടപ്പുഴ, തിരുസ്സഭാചരിത്രം. PP104, 113)''As to the question whether there was a local(organised hierarchy for the Thomas Christians we cannot say anything definite. There is a tradition that St. Thomas conferred priesthood and also high priesthood on the members of certain families, some of which, as we said above exist even

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



today glorying in a line of priests going back, as it is said, to St. Thomas'' (Fr. Placid Podipara, The Thomas christians P. 30)

ഇതിനും പുറമെ, മലബാർ സഭയുടെ തനിമയും വ്യക്തിത്വവും ഏററവും പ്രകടമായ വിധത്തിൽ പ്രതിഫലിപ്പിക്കുന്ന സഭാ ഭരണ സംവിധാനങ്ങളും (ആർച്ച ഡീക്കൻെറ സ്ഥാനവും അധികാരങ്ങളും, ഇടവക യോഗങ്ങളുടെ നിലയും വിലയും തുടങ്ങിയവ) പ്രാദേശിക സംസ്കാരത്തിൻെറ ഭാഗങ്ങളായ ആചാരമര്യാദകളും (വിവാഹച്ചടങ്ങുകൾ, വി. കുർബ്ബാനയിലെ പ്രത്യേകതകൾ, ദേവാലയ നിർമ്മാണ രീതി etc.) എല്ലാം ഇവിടെ ആദ്യനൂററാണ്ടു മുതലേ ഒരു ഹയരാർക്കിയും തനതായ ആരാധനക്രമവും ഉണ്ടായിരുന്നു എന്ന നിഗമനത്തിലാണ് നമ്മെക്കൊണ്ടെത്തിക്കുക.

മതങ്ങളുടെ ചരിത്രപഠനവും ഇപ്രകാരംതന്നെ ചിന്തിക്കാനാണ് നമ്മെ പ്രേരിപ്പിക്കുന്നത്. അതായത് ഏതെങ്കിലും വിധത്തിലുള്ള ആരാധനാരീതികളും ആരാധനക്രമവുമില്ലാത്ത യാതൊരു മതത്തെപ്പററിയും ചരിത്രത്തിനു് അറിയാൻ കഴിഞ്ഞിട്ടില്ല. വലിയൊരളവുവരെ മതവിശ്വാസത്തിൻെറ നിലനില്പുതന്നെ ആരാധനക്രമത്തെ ആശ്രയിച്ചാണെന്നതു് സ്പഷ്ടമാണല്ലോ. അങ്ങനെയെങ്കിൽ മലബാർ സഭയുടെ ആരംഭകാലംമുതലെ, ലളിതവും ഒരുപക്ഷെ അവികസിതവുമായ ഒരാരാധനക്രമമെങ്കിലും ഉപയോഗിച്ചിരുന്നു എന്നു ചിന്തിക്കുന്നതല്ലേ സാമാന്യബുദ്ധിക്കു് ചേർന്നതു്? പ്രത്യേകിച്ചും, സമ്പന്നമായ ഹൈന്ദവ മതാചാരങ്ങളുടേയും ആരാധന ക്രമരീതികളുടേയും നാടായ ഭാരതത്തിൻെറ ഭാഗമായ കേരളത്തിൻെറ കാര്യത്തിൽ നമ്മുടെ നിഗമനത്തിൻെറ സാധ്യതയും സാധുതയുമേറെയാണ്. അതോടൊപ്പം കേരളത്തിലെ ആദിമക്രിസ്ത്യാനികളിൽ ഗണ്യമായൊരു വിഭാഗം മതാചാര്യന്മാരായിരുന്ന ബ്രാഹ്മണരിൽ നിന്നു് മതപരിവർത്തനം ചെയ്യപ്പെട്ടവരായിരുന്നു എന്ന നിഗമനവും ഇത്തരുണത്തിൽ കണക്കിലെടുക്കേണ്ടിയിരിക്കുന്നു. മററു് ആദിമ ക്രൈസ്തവ സഭകളിലെപ്പോലെതന്നെ അവികസിതമായ ഒന്നായിരുന്നിരിക്കണം ഇവിടെ നിലവിൽ വന്ന ആരാധനക്രമവും. മിക്കവാറും അന്ത്യത്താഴത്തിൻെറ (അപ്പംമുറിക്കൽ) അനുസ്മരണത്തെ കേന്ദ്രീകരിച്ച് വളർന്നുവന്ന ലളിതമായ ഒരു ചടങ്ങ്, ഹിന്ദുക്കൾക്ക് സംസ്കൃതം വേദഭാഷയായിരുന്നതുപോലെ കത്താവ് സംസാരിച്ച സുറിയാനിഭാഷ ക്രൈസ്തവരുടെ വേദഭാഷയായി

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



സ്വീകരിച്ചിരിക്കാം. ഈ പശ്ചാത്തലത്തിൽ നാല് അഞ്ച് നൂററാണ്ടുകളിൽ മാത്രം രൂപംകൊണ്ട അദ്ദായി-മാറി മാരുടെ പേരിലറിയപ്പെടുന്ന ആരാധനക്രമം (അനാഫറ) വി. തോമാശ്ലീഹാ ഇവിടെ കൊണ്ടുവന്നതാണെന്നോ ഒന്നാം നൂററാണ്ടുമുതലേ ഇവിടെ നിലവിലിരുന്നതാണെന്നോ പറയാൻ കടുത്ത കൽദായവാദികൾപോലും തയ്യാറാകുമെന്ന് തോന്നുന്നില്ല. കൽദായ ആരാധനക്രമത്തെപ്പററി നമ്മുടെ ആരാധനക്രമപണ്ഡിതരും ചരിത്രകാരന്മാരും നടത്തിയിട്ടുള്ള പരാമർശങ്ങൾ ഇത്തരുണത്തിൽ പ്രത്യേകം പ്രസ്താവ്യമാണ്.

''സഭയുടെ ആരംഭദശയിൽ പരസ്യാരാധനക്രമത്തിന് നിശ്ചിതരൂപം ഉണ്ടായിരുന്നില്ല ......... ക്രമേണ ആരാധനക്രമം വികസിയ്ക്കുകയും ആറാം നൂററാണ്ടായപ്പോഴേയ്ക്കും ചില സഭകളിൽ നിശ്ചിതരൂപം പ്രാപിക്കുകയും ചെയ്തു. എങ്കിലും റീത്തുകൾ പൂർണ്ണ വളർച്ച പ്രാപിയ്ക്കുന്നതിന് പിന്നേയും നാലഞ്ചു നൂററാണ്ടുകൾകൂടി വേണ്ടിവന്നു.'' (സീറോ മലബാർ റീത്തും പുനരുദ്ധരിക്കപ്പെട്ട കുർബ്ബാനയും, (ഡോ. എ. ഡി മററം P.2); ''വികസിത രൂപത്തിലുള്ള കൽദായ സുറിയാനിക്രമം കൃത്യമായി എന്ന് മുതലാണ് മലബാർ സഭയിൽ നടപ്പിലായതെന്ന് നിശ്ചയിക്കുക സാധ്യമല്ല''. (Ibidem P.22). ''ഏതായാലും അദ്ദായിമാറി-ഇവരായിരുന്നില്ല ഒന്നാമത്തെ അനാഫറയുടെ രചയിതാക്കൾ. അഞ്ചാം നൂററാണ്ടോടു കൂടി മാത്രമേ ''ശ്ലീഹന്മാരുടെ കൂദാശ'' എകദേശമൊരുരൂപമെങ്കിലും പ്രാപിച്ചൊള്ളു.''(Ibidem p.62) "The codification of the Sacred functions into liturgical rites as we know them today began towords the end of the V or VI century, if not later'' (The Thomas Christiansp 74) വസ്തുതകൾ ഇതായിരിക്കെ കൽദായ ആരാധനക്രമത്തെ മലബാർസഭയുടെ സ്വന്തം ആരാധനക്രമമായി ചിലരൊക്കെ കാണുന്നതിൻെറ യുക്തി ദുരൂഹമായിരിക്കുന്നു.

ഇവിടെ ന്യായമായും ഒരു ചോദ്യമുദിയ്ക്കാം. സുറിയാനിഭാഷയും കൽദായ ആരാധനക്രമവും എങ്ങനെ എന്നുമുതൽ, നമ്മുടെ സഭയിൽ കടന്നുകൂടുകയും സ്വീകരിക്കപ്പെടുകയും ചെയ്തു? ഉത്തരം കണ്ടെത്താൻ വീണ്ടും ചരിത്രത്തിൻെറ ഏടുകളിലേയ്ക്കു കടക്കണം.

a) തോമാശ്ലീഹാ കേരളത്തിൽ വരുന്നതിന് മുമ്പുതന്നെ കേരളത്തിൽ ധാരാളം യഹൂദന്മാരുണ്ടായിരുന്നല്ലോ. അതുകൊണ്ട് വി. പൗലോസ് ചെയ്തതുപോലെ തോമാശ്ലീഹായും ആദ്യം സ്വജാതി

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



ക്കാരോട് സുവിശേഷം പ്രസംഗിച്ചുവെന്നും അവരിൽ കുറെ-ങ്കിലും ക്രിസ്തുമതം സ്വീകരിച്ചുവെന്നും കരുതേണ്ടിയിരിക്കുന്നു. വ്യാപാരരംഗത്തെ നേതൃസ്ഥാനത്തിന്റെ പിൻബലത്തോടെ ഈ യഹൂദ ക്രിസ്ത്യാനികൾ ഇവിടത്തെ ആദിമക്രൈസ്തവസമൂഹത്തിൽ ഗണ്യമായ സ്വാധീനം ചെലുത്തിയിരിക്കണം. ആ സ്വാധീനത്തിന്റെ ഫലമായിട്ടുകൂടിയാവണം, മുൻപ്രസ്താവിച്ചതുപോലെ സംസ്കൃതം വേദഭാഷയായി സ്വീകരിച്ച ഹിന്ദുക്കളെ അനുകരിച്ച് മലബാറിലെ ആദിമക്രൈസ്തവസമൂഹം സുറിയാനിക്ക് തങ്ങളുടെ ആരാധനയിൽ വേദഭാഷയുടെ സ്ഥാനം നൽകിയത്.

b) എന്നാൽ കൽദായആരാധനക്രമം നമ്മുടെ സഭയിൽ വേരൂന്നാൻ ഇടയാക്കിയ പ്രധാനസംഭവങ്ങൾ എ. ഡി. 345-ൽ ക്നായിതോമ്മായുടെ നേതൃത്വത്തിൽ നടന്ന കുടിയേററവും എ. ഡി. 410 ലെ സെലൂഷ്യാ സൂനഹദോസിന്റെ തീരുമാനങ്ങളുമാണെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. "There is a strong tradition in Malabar that in 345 one Thomas cana, a merchant colonised Cranganore with a Bishop (Mar Joseph), clergy and faithful. The origin of the Southists is traditionally connected with this colonisation." (The Thomas christians p. 63) ഈ കുടിയേററം വ്യാപാരം മാത്രം ലക്ഷ്യമാക്കിയുള്ളതായിരുന്നില്ലെന്ന് വ്യക്തമാണ്. നാലാംനൂററാണ്ടിൽ (സാഫോർ രണ്ടാമന്റെ കാലത്തും മററും) പേർഷ്യയിലുണ്ടായ മതമർദ്ദനങ്ങളും മേല്പറഞ്ഞ കുടിയേററത്തിന് (ഒരുപക്ഷേ പിന്നീടും) പ്രേരണയായിത്തീർന്നെന്ന് അനുമാനിക്കാവുന്നതാണ്. ഏതായാലും ക്നായിത്തോമ്മായൊടൊപ്പവും പിന്നീടും വന്ന മെത്രാന്മാരും വൈദികരുമായിരുന്ന മലബാർ സഭയിലുണ്ടായ കൽദായീകരണത്തിന് വഴിമരുന്നിട്ടതെന്ന് പറയാതെ തരമില്ല.

ഇവരുടെ പ്രവർത്തനങ്ങൾക്ക ആക്കം കൂട്ടാൻ എ. ഡി. 410-ലെ സെലൂഷ്യാസൂനഹദോസിന്റെ തീരുമാനം സഹായകവുമായി. എ. ഡി. "410-ൽ സെലൂഷ്യായിൽ സമ്മേളിച്ച സൂനഹദോസ് അതിന്റെ കീഴിലുള്ള സഭാഘടകങ്ങളെല്ലാം കൽദായസുറിയാനി ഭാഷയും ആരാധനക്രമവും ഉപയോഗിക്കണമെന്ന് നിഷ്കർഷിച്ചതായി കാണുന്നുണ്ട്. പേർഷ്യയുമായി ബന്ധത്തിലായിരുന്ന കേരളസഭയും ഈ നിശ്ചയം സ്വീകരിച്ചിരിക്കണം" (ഫാ. കൂടപ്പുഴ, തിരുസഭാചരിത്രം. p. 115)

www.TheCMSIndia.org

വസ്തുതകൾ ഇങ്ങനെയിരിക്കെ 5-ാം നൂററാണ്ടുമുതൽ 16-ാം നൂററാണ്ടുവരെ മലബാർ സഭയിൽ ഉപയോഗിച്ചിരുന്ന കൽദായ ആരാധനക്രമം ഈ നാട്ടിൽ ജന്മംകൊണ്ടതല്ലെന്നും അതു ലത്തീൻ റീത്തുപോലെതന്നെ വൈദേശികമാണെന്നും തറപ്പിച്ചുപറയാതെ തരമില്ല. നൂററാണ്ടുകളോളം അതിവിടെ നിലനിന്നു എന്ന യാഥാർത്ഥ്യം അതിൻെറ വൈദേശികത്വത്തെ ഇല്ലാതാക്കുന്നില്ല. അപ്പോൾ നമ്മുടെ യഥാർത്ഥപൈതൃകം കണ്ടെത്തേണ്ടതു് കൽദായ ആരാധനക്രമത്തിലും അനുഷ്ഠാനത്തിലുമല്ല എന്നു വരുന്നു. പുനരുദ്ധരിക്കപ്പെടേണ്ടതും അതല്ല. തന്നിമിത്തം ലത്തീനീകരണത്തിൽനിന്നുള്ള മോചനത്തോടൊപ്പം കൽദായീകരണത്തിൽനിന്നുള്ള മോചനവും ലക്ഷ്യംവച്ചെങ്കിലേ ആരാധനക്രമപുനരുദ്ധാരണത്തിനുള്ള നമ്മുടെ പരിശ്രമങ്ങൾ ശരിക്കും സമ്പൂർണ്ണമാവുകയുള്ളു. അല്ലാത്തപക്ഷം ലത്തീനീകരണമെന്ന അടിമത്തത്തിൽനിന്നുള്ള വിമോചനപ്രക്രിയ കൽദായീകരണമെന്ന മറെറാരടിമത്തത്തിനു് പിൻവാതിൽ തുറന്നുകൊടുക്കുകയേയുള്ളു. സത്യത്തിൽ ''ആഘോഷപൂർവ്വമായ റാസക്രമ''ത്തിൻെറ പിന്നിൽ പ്രവർത്തിച്ച വിദഗ്ദ്ധന്മാർക്കു് ഏററവും വലിയ പാളിച്ച പററിയതിവിടെയാണെന്നു് തുറന്നു പറയേണ്ടിവന്നതിൽ ഖേദമുണ്ടു്. വളർച്ചയററുപോയ കൽദായസഭയുടെ തുടർച്ച, അല്ലെങ്കിൽ ഭാഗം, അതുമല്ലെങ്കിൽ ഒരു പോക്കററ്‌പതിപ്പ് (Pocket edition) എന്ന നിലയിലാണിവർ ശക്തിയും ചൈതന്യവുമുള്ള നമ്മുടെ സഭയെ കാണുന്നതെന്ന ധാരണയാണു് സാധാരണക്കാർക്കുണ്ടാവുക. മാർത്തോമ്മായുടെ ക്രിസ്ത്വാനുഭവത്തേയും മലബാർസഭയുടെ വ്യക്തിത്വത്തേയും പൈതൃകത്തേയും പററി ഊററം കൊള്ളുകയും ഗിരിപ്രഭാഷണം നടത്തുകയും ചെയ്യുന്ന ഇവിടത്തെ ആരാധനക്രമപണ്ഡിതന്മാരാണിതിനൊക്കെ ചുക്കാൻ പിടിക്കുന്നതെന്ന വസ്തുത ആശ്ചര്യജനകംതന്നെ.'' കൽദായരുടെ ആരാധനക്രമത്തോടുള്ള ഇവരുടെ അന്ധമായ അടിമമനോഭാവത്തെയും പ്രബുദ്ധമായ മലബാർ സഭയുടെമേൽ അതടിച്ചേല്പിക്കാനുള്ള തന്ത്രപൂർവ്വമായ നീക്കങ്ങളേയും ചെറുത്തുതോൽപ്പിക്കാൻ മലബാർ സഭാതനയർ ഒന്നടങ്കം ഉണരേണ്ടതു് കാലഘട്ടത്തിൻെറ ആവശ്യമാണെന്നു് ഉറക്കെ പ്രഖ്യാപിക്കാൻ ഞങ്ങളാഗ്രഹിക്കുകയാണു്.

## III എങ്ങനെയാണു് പുനരുദ്ധാരണം സാധിക്കേണ്ടതു്?

രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ നൽകുന്ന

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ശക്തവും വ്യക്തവുമായ നിർദ്ദേശങ്ങളുടെ ചൈതന്യത്തിലും, മായം ചേർക്കപ്പെടാത്ത നമ്മുടെ പൈതൃകത്തിൻെറ വെളിച്ചത്തിലും നടത്തപ്പെടുന്ന ആരാധനക്രമപുനരുദ്ധാരണമേ വിജയിക്കൂ. അതുമാത്രമേ സ്വീകാര്യമാകൂ. കൗൺസിൽ പറയുന്നു: ''സർവ്വോപരി വിശ്വാസികളുടെ പൂർണ്ണവും ക്രിയാത്മകവുമായ ഭാഗഭാഗിത്വം ലക്ഷ്യമാക്കി വേണം ആരാധനക്രമത്തിൻെറ പുനരുദ്ധാരണവും പ്രോത്സാഹനവും സാധിക്കാൻ.'' (ലിറ്റർജി No. 14) ''ആഘോഷപൂർവ്വമായ റാസക്രമ'' ത്തിൽ ഈ ലക്ഷ്യം അപ്പാടെ അവഗണിച്ചിരിക്കുന്നതായി ഒററ നോട്ടത്തിൽത്തന്നെ വ്യക്തമാകും. ''ആരാധനക്രമത്തിൽ പരിവർത്തനത്തിനതീതമായ ദൈവസ്ഥാപിത ഘടകങ്ങളുണ്ട്; പരിവർത്തന വിധേയമായ ഘടകങ്ങളുണ്ട്. പരിവർത്തന വിധേയമായവയിൽ ആരാധനക്രമത്തിൻെറ ആന്തരിക ഭാവത്തോട് പൊരുത്തപ്പെടാത്തതോ, യോജിക്കാത്തതോ ആയി എന്തെങ്കിലും കടന്നുകൂടിയിട്ടുണ്ടെങ്കിൽ അവയിൽ കാലോചിതമായ മാററങ്ങൾ വരുത്താവുന്നതും വരുത്തേണ്ടതുമാണ്. ഈ പുനരുദ്ധാരണത്തിൽ പ്രാർത്ഥനാ ഗ്രന്ഥങ്ങളും കർമ്മവിധികളും അവ സൂചിപ്പിക്കുന്ന വിശുദ്ധ രഹസ്യങ്ങളെ കൂടുതൽ വ്യക്തമായി പ്രകാശിപ്പിക്കത്തക്കവണ്ണം ക്രമീകരിക്കേണ്ടിയിരിക്കുന്നു. അങ്ങനെ വിശ്വാസികൾ, സാധിക്കുന്നിടത്തോളം അവ എളുപ്പത്തിൽ ഗ്രഹിക്കാനും ഒരു സമൂഹത്തിന് ചേർന്നവിധം പൂർണ്ണമായും സജീവമായും അവയിൽ ഭാഗഭാക്കുകളാകാനും ഇടവരണം.'' (ലിററർജി No. 21) ''റാസക്രമ'' രചയിതാക്കൾ മേല്പറഞ്ഞ നിർദ്ദേശങ്ങൾ അപ്പാടെ കാററിൽപ്പറത്തിയിരിക്കുകയാണ്. ''ശരിയായ പാരമ്പര്യങ്ങൾ പരിരക്ഷിക്കാനും അതേ സമയം ന്യായമായ എല്ലാ പുരോഗതിക്കും വഴിതുറന്നിടാനും ഇടയാകത്തക്കവണ്ണം പരിഷ്ക്കരിക്കപ്പെടേണ്ട ആരാധനക്രമത്തിൻെറ ഓരോ ഭാഗവും സശ്രദ്ധം പരിശോധിക്കണം. ദൈവശാസ്ത്രം, ചരിത്രം, അജപാലനം ഇവ കൺമുമ്പിൽ വച്ചുകൊണ്ടായിരിക്കട്ടെ ഈ പരിശോധന.'' (ലിററർജി No. 23) കൽദായ തിമിരം ബാധിച്ച നമ്മുടെ വിദഗ്ദ്ധന്മാരുടെ കണ്ണുകൾക്ക് ഇതൊന്നും കാണാൻ കഴിയാത്തതിൽ അത്ഭുതമില്ല. ''തിരുക്കർമ്മങ്ങളിൽ വിശിഷ്ടമായ ലാളിത്യം തെളിഞ്ഞുനില്ക്കണം. അവ ഹ്രസ്വവും വ്യക്തവുമായിരിക്കണം. അനാവശ്യമായ ആവർത്തനങ്ങൾ ഉണ്ടാവുകയുമരുത്. വിശ്വാസികളുടെ ഗ്രഹണശക്തിയിൽ അവ ഒതുങ്ങി നില്ക്കണം. അതുപോലെതന്നെ സാധാരണഗതിയിൽ അധികം വിശദീകരണം ആവശ്യപ്പെടാത്തവയുമായിരിക്കണം''. (ലിററർജി No. 34)

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



''ബലിയുടെ ആന്തരികമായ സ്വഭാവവും ഓരോ ഭാഗത്തിന്റെയും പ്രത്യേകമായ ഉദ്ദേശ്യവും വിവിധ ഭാഗങ്ങളുടെ പരസ്പര ബന്ധവും കൂടുതൽ വ്യക്തമാകത്തക്ക വിധത്തിലും വിശ്വാസികൾക്ക് ഭക്തിപൂർവ്വകമായ സജീവഭാഗഭാഗിത്വം സുകരമാകത്തക്കവിധത്തിലും കുർബ്ബാനയുടെ ക്രമവിധികൾ പുനഃസംവിധാനം ചെയ്യണം. ഈ ഉദ്ദേശ്യം സാധിക്കാനായി കർമ്മവിധികളുടെ സാരാംശത്തിന് കോട്ടം തട്ടാത്ത വിധത്തിൽ അവ ലളിതമാക്കണം. കാലം കടന്നപോയപ്പോൾ വന്നിട്ടുള്ള ആവർത്തനങ്ങൾ, കാര്യമായ പ്രയോജനമില്ലാത്ത കൂട്ടിച്ചേർക്കലുകൾ മുതലായവ മാറ്റേണ്ടതാണ്''. (ലിററർജി No. 50) എന്നാൽ ഇവിടത്തെ പാണ്ഡിത്യക്കത്തകക്കാർക്ക് കാലഹരണപ്പെട്ടതും അർത്ഥമില്ലാത്തതുമായ ആവർത്തനങ്ങളും കൂട്ടിച്ചേർക്കലുകളും നിലനിർത്തിക്കൊണ്ട് ദിവ്യബലി കൂടുതൽ ദുർഗ്രഹമാക്കാനും ദൈവജനത്തെ അതിൽനിന്നകററാനുമാണ് വ്യഗ്രതയും താല്പര്യവും. ''വൈവിദ്ധ്യമാർന്ന കാലദേശങ്ങളോടിണങ്ങിച്ചേരുന്ന ജീവിതശൈലി സ്വീകരിച്ചുകൊണ്ടാവണം പാരമ്പര്യങ്ങളെ സംരക്ഷിക്കേണ്ട'' തെന്ന് പൗരസ്ത്യ സഭകളെപ്പററിയുള്ള പ്രമാണരേഖയും (No 2) നിഷ്കർഷിക്കുന്നു. മേലുദ്ധരിച്ചതിൽ നിന്നെല്ലാം സ്പഷ്ടമാകുന്ന പ്രധാനപ്പെട്ട കാര്യം ആരാധനക്രമത്തിൽ പുനരുദ്ധാരണം, നവീകരണം, അനുരൂപണം എന്നിവ പരസ്പരം ബന്ധപ്പെട്ടു നില്ക്കുന്നവെന്നും അവ ഒരുമിച്ചു കൊണ്ടുപോകേണ്ടതാണെന്നുമാണല്ലൊ.

ഇതേപ്പററി നമ്മുടെ ആരാധനക്രമ പണ്ഡിതന്മാരിൽ ചിലരുടെ അഭിപ്രായങ്ങൾകൂടി പരിശോധിക്കുന്നതു് അവസരോചിതമായിരിക്കും. ''പുരാതനറീത്തിൽ കാലോചിതമല്ലാതെ ഏതെല്ലാമുണ്ടോ അതു വർജ്യമാണെന്നും കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തേണ്ടതാണെന്നും ആരും സമ്മതിയ്ക്കും.'' (ഡോ. ഏ. ഡി. മററം op. cit p. 196) ''അന്ധമായ പുരാതനത്വപ്രേമമോ അന്യറീത്തുകളുടെ നേർക്കുള്ള അനാദരവോ പുനരുദ്ധാരണത്തിൽ യാതൊരു വിധത്തിലും പ്രതിഫലിക്കുന്നില്ല.'' (Ibidem p. 196)

''വികസനത്തിനും വളർച്ചയ്ക്കും വിധേയമല്ലാത്ത ചട്ടക്കൂടിനുള്ളിൽ ഒതുക്കിനിർത്തേണ്ടതല്ല ആരാധനക്രമം. അതു് കാലദേശ സാഹചര്യങ്ങൾക്കനുസൃതമായി വളർന്ന് സഭയുടെ യൗവ്വനത്തെ പ്രതിബിംബിപ്പിക്കണം'' (ഡോ. വെള്ളിയാൻ, സീറോ മലബാർ ആരാധനക്രമം നൂററാണ്ടുകളിലൂടെ p. 93) ''പുനരുദ്ധാരണം റീത്തു

CHRISTIAN MUSICOLOGICAL SOCIETY OF INDIA

പരിഷ്കരണത്തിന്റെ ഒരു വശം മാത്രമാണ്; മറുവശം അനുരൂപണമാണ് ... ...ദേശാനുസൃതം ഇന്നത്തെ ജനപദത്തിന്റെ ചിന്താഗതിയോടും സാഹചര്യങ്ങളോടും ആരാധനക്രമത്തെ പൊരുത്തപ്പെടുത്തുകയാണ് ഈ പ്രക്രിയയിലൂടെ ചെയ്യുന്നത്. (Ibidem p. 103) ''എന്നാൽ പുനരുദ്ധാരണംകൊണ്ട് ആരാധനക്രമത്തിന്റെ സർവ്വ വളർച്ചയും അടച്ചുമുദ്രവച്ചു എന്നാരും ധരിക്കരുത്. വളർച്ചക്കു വിധേയമാണ് ആരാധനക്രമം. മനുഷ്യന്റെ സംസ്കാരവും ചിന്താഗതിയും സാഹചര്യങ്ങളും മാറുന്നതിനൊത്ത് അനുരൂപപ്പെടുത്താവുന്ന പലതുമുണ്ടതിൽ ... ... . ഇനിയും നാം അതിനെ ഇൻഡ്യൻ സംസ്കാരത്തോടനുരൂപപ്പെടുത്തണം''. (Ibidem. p.112) ''നമ്മുടെ റീത്തിലില്ലാത്ത പലേ ഭക്തകൃത്യങ്ങളും ലത്തീൻ റീത്തിലുണ്ട്. അവ നമുക്കു സ്വീകരിക്കാം. പലതും സ്വീകരിച്ചിട്ടുണ്ട്. ഇതിലെല്ലാമുപരിയായി നമ്മുടെ റീത്തിൽ ആദ്യകാലത്തുണ്ടായിരുന്ന അനുരൂപണ സ്വാതന്ത്ര്യം നാം പ്രവർത്തനോന്മുഖമാക്കണം. അങ്ങിനെ കാലത്തിനും ദേശത്തിനും അനുസൃതമായി പരിഷ്കാരങ്ങൾ വരുത്താം''. (Ibidem p. 112–113)

മേൽ വിവരിച്ച തരത്തിലുള്ള പുനരുദ്ധാരണം സാധിക്കേണ്ടത് ആരുടെ ചുമതലയാണെന്ന ചോദ്യം തികച്ചും പ്രസക്തമാണിവിടെ. ഒരു ന്യൂനപക്ഷം മെത്രാന്മാരും ചുരുക്കം ചില ആരാധനക്രമവിദഗ്ദ്ധന്മാരും മാത്രം ചേർന്ന് അവരുടെ തറവാട്ടു കാര്യവും കുത്തകാവകാശവുമെന്ന നിലയിൽ നടപ്പിലാക്കേണ്ട ഒന്നല്ല മലബാർ സഭയുടെ ആരാധനക്രമപുനരുദ്ധാരണമെന്ന് ആരും സമ്മതിക്കും. ലത്തീനീകരണത്തിനുവേണ്ടി ചതുരുപായങ്ങളും പ്രയോഗിച്ചവർ (മെനേസീസ് – റോസ് പ്രഭൃതികൾ) പോലും ഇത്തരത്തിലല്ല പ്രവർത്തിച്ചത്. ഇവിടത്തെ വൈദികരേയും ഇടവക പ്രതിനിധികളേയും വിളിച്ചുകൂട്ടാനുള്ള വിശാലമനസ്ഥിതിയും സന്മനസ്സും അവർ കാണിച്ചു. എന്നാൽ നമ്മുടെ നാട്ടുകാരും റീത്തുകാരുമായ മെത്രാന്മാരും വിദഗ്ദ്ധരും പോർച്ചുഗീസുകാരേയും കടത്തിവെട്ടിയിരിക്കുന്നു! നമ്മുടെ റീത്തിനേയും പൈതൃകത്തേയുംപററി വാതോരാതെ പ്രസംഗിക്കുന്നവർ സ്വീകരിച്ച പ്രവർത്തനശൈലിയിലെ വൈരുദ്ധ്യാത്മകത കണ്ടില്ലെന്നു നടിക്കാൻ ഞങ്ങൾക്കു കഴിയുന്നില്ല. അക്കാരണത്താൽത്തന്നെ നമ്മുടെ യഥാർത്ഥ പൈതൃകത്തിന്റെ തനിനിറമെന്താണെന്നു ഇവിടെ ചൂണ്ടികാണിക്കേണ്ടതാവശ്യമായിരിക്കുന്നു.

''സെലൂഷ്യയിൽനിന്ന് മെത്രാന്മാരെ സ്വീകരിച്ചിരുന്നെ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



ങ്കിലും മാർത്തോമ്മാക്രിസ്ത്യാനികളുടെ ഭരണം നടത്തിയിരുന്നത് ഇന്നാട്ടുകാരായ ആർച്ച്ഡീക്കന്മാരായിരുന്നു......... മലബാർ സഭയിൽ അത്മായർക്ക് സർവ്വപ്രധാനമായ ഒരു സ്ഥാനമുണ്ടായിരുന്നു. ......... വൈദികസമ്മേളനങ്ങളിൽ അത്മായപ്രതിനിധികളും സന്നിഹിതരായിരുന്നു'' (കുടപ്പുഴ op. cit P. 1!4) ''കേരള ക്രിസ്ത്യാനികൾ വളർത്തിയെടുത്ത പള്ളിയോഗം സഭാഭരണത്തിൽ അത്മായരെ അങ്ങേയറ്റം ഭാഗഭാക്കാക്കുന്നതായിരുന്നു'' (Ibidem P. 115)

മലബാർ സഭാചരിത്രത്തിൽ അഗാധപാണ്ഡിത്യമുണ്ടായിരുന്ന വ്യക്തിയും നമ്മുടെ ആരാധനക്രമവിദഗ്ധരുടെയെല്ലാം ആചാര്യനുമായിരുന്ന യശഃശ്ശരീരനായ ബഹുമാനപ്പെട്ട പ്ലാസിഡച്ചൻ ഇക്കാര്യത്തെക്കാണുന്നതിങ്ങനെയാണ്: ''... ... they (The Thomas Christians) developed an individuality all their own in the socio- political environment of the country, adapting themselves to, or rather Christianising their ancient culture in almost all its aspects. This adaptation or Christianisation extended itself also to their liturgical and canonical rites; ie; to their mode of worship and church adminitsration ... ... This individuality was christian but typically Malabarian ...... To decide on matters of local interest respresentatives of several churches used to assemble together, while things of a general character were taken up by the assembly of representatives of all the churches. ... Things of a general character concerned social, political and also religious questions ... ... The Thomas christians, therefore were not an integral part of the Seleucian church just as they were not also an output of the same. (The Thomas christians pp 79,97) ഫാ. പ്ലാസിഡ് തുടരുന്നു. "Indeed, they had a set up and constitution peculiar to themselves ..... It is clear that the Thomas chritstians had an organisation and constitution distinct from those of the Seleucian church with which they had hierarchical and liturgical relations. (Ibidem p. 101) വൈദികസമ്മേളനങ്ങളിൽപോലും സന്നിഹിതരായിരിക്കുവാനും മതപരമായകാര്യങ്ങളിൽ തീരുമാനമെടുക്കുവാനും

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



(വിശേഷിച്ചും കർബാനക്രമം) പ്രസിദ്ധീകരിക്കുന്നതും ഉപയോഗിക്കുന്നതും കർശനമായി നിരോധിക്കുക.

viii) 8–2–1986–ൽ ഉദ്ഘാടനം ചെയ്യപ്പെട്ട എന്ന് തല്പരകക്ഷികൾ അവകാശപ്പെടുന്ന 'ആഘോഷപൂർവ്വമായ റാസക്രമം' പിൻവലിക്കുക. പ്രസ്തുത റാസക്രമം അതേപടി അംഗീകരിക്കാനോ സ്വീകരിക്കാനോ ഞങ്ങൾ തയ്യാറല്ല. അതടിച്ചേല്പിക്കാനുള്ള ഏതൊരു നീക്കവും മറെറാരു കൂനൻകുരിശിലേയ്ക്കു നമ്മെ കൊണ്ടെത്തിക്കും.

മാനന്തവാടി റീജിയണിലെ വൈദികർക്കുവേണ്ടി,

മാനന്തവാടി,
12–9–1986.

**ഫാദർ അഗസ്റ്റിൻ കണ്ണാടിക്കര,**
സെൻറ് ജോസഫ്സ് കത്തീഡ്രൽ,
മാനന്തവാടി – 670 645

S. J. Press, Mananthavady

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS